അഷ്ടാംഗം ആയുർവ്വേദ മെഡിക്കൽ കോളേജ്.

തൃത്താല മേഖലയിലെ ആയുർവ്വേദ പാരമ്പര്യത്തിന്റെ പിന്തുടർച്ച നിലനിർത്താനായിട്ടാണ് അഷ്ടാംഗം ആയുർവ്വേദ കോളേജ് എന്ന ഒരു സ്ഥാപനം ഉടലെടുത്തത്. പാരമ്പര്യ ആയുർവ്വേദ വൈദ്യന്മാരുടേയും പുതിയ തലമുറയുടേയും കൂട്ടായ ഒരു ശ്രമഫലമാണ് ഈ സ്ഥാപനം. ആദ്യകാലം മുതൽ തന്നെ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ ''അഷ്ടാംഗം'' എന്നും മുൻപന്തിയിലാണ് ഉണ്ടായിരിക്കുന്നത്.

പരിസരത്തെ ക്ഷേത്രങ്ങളിലും പൊതു സ്ഥലങ്ങളിലും ''നക്ഷത്രവനം'' സൗജന്യമായി വെച്ചു പിടിപ്പിച്ചു കൊടുക്കുക, സ്ക്കൂളുകൾക്ക് സൗജന്യമായി ''ഔഷധോദ്യാനം'' തയ്യാറാക്കി കൊടുക്കുക, പരിസരത്തെ വീടുകളിൽ വംശനാശ ഭീഷണി നേരിടുന്ന അശോകം പോലെയുള്ള ഔഷധവൃക്ഷങ്ങൾ നട്ട് പിടിപ്പിക്കാൻ സഹായിക്കുക, പരിസരത്തെ തെരഞ്ഞെടുക്കപ്പെട്ട ഏതാനും വീടുകളിൽ ഇന്ന്മറന്നു പോയിക്കൊണ്ടിരിക്കുന്ന ഗൃഹൗഷധികളുടെ ഒരു സെറ്റ് വെച്ചു പിടിപ്പിക്കുക, കർക്കിടകമാസത്തിൽ പരിസരത്തെ സ്ക്കൂളുകളിൽ ''ഇലപ്പെരുമ'' എന്ന പേരിൽ കർക്കിടകത്തിലെ ഭക്ഷണ പാരമ്പര്യത്തെക്കുറിച്ച് പുതിയ തലമുറക്ക് മനസ്സിലാക്കാൻ വേണ്ടിയുള്ള പദ്ധതികൾ നടത്തുക, ഇവയോടൊപ്പം തന്നെ എല്ലാ വർഷവും ജൂൺ 5 ന് അവസാനിക്കുന്ന വിധത്തിൽ 7 ദിവസത്തെ ''പരിസ്ഥിതി സപ്താഹം'' , അഷ്ടാംഗം ആരംഭിച്ചിട്ടുള്ള ഒരു പുതിയ ആശയമാണ് പരിസ്ഥിതി സപ്താഹം എന്നത്. കേരളത്തിലെ തന്നെ പരിസ്ഥിതി രംഗത്ത് പ്രമുഖരായിട്ടുള്ള ഒട്ടേറെ പ്രവർത്തകർ ഈ പരിപാടിയിൽ പങ്കെടുക്കാൻ ഇവിടെവന്നിട്ട് നമ്മുടെ കുട്ടികളെ അഭിസംബോധന ചെയ്ത് സംസാരിക്കുകയുണ്ടായിട്ടുണ്ട്. എസ്.പി. രവി, രാജൻ ചുങ്കത്ത്, രാജഗോപാൽ പള്ളിപ്പുറം, ടോണി തോമസ് തുടങ്ങി ഒരുപാട് പേര് ഈ പരിപാടിയിൽ പലപ്പോഴായി പങ്കെടുത്തിട്ടുണ്ട്.

ഇന്ന് നമ്മൾ പച്ചക്കറി വാങ്ങിക്കുമ്പോൾ ഏറ്റവും വിഷലിപ്തമായിട്ടുള്ളത് കറിവേപ്പിലയാണെന്ന് പറയുന്നു. ആ കറിവേപ്പിലയുടെ ഉപയോഗം കുറക്കാനായിട്ട് നമ്മളായിട്ട് കറിവേപ്പില കൃഷി ചെയ്യാൻ കാമ്പസ്സിൽ ''ശതകാളശാഖം'' എന്ന ഒരു പദ്ധതി നടപ്പാക്കിയിട്ട് 100 കറിവേപ്പ് വെച്ചു പിടിപ്പിച്ചു. അതു പോലെ തന്നെ നാടൻ പച്ചക്കറിയുടെ ലഭ്യത ഉറപ്പാക്കാനായിട്ട് ഒരു സ്റ്റാഫ് ഒരു പപ്പായ എന്ന ഒരു പദ്ധതി, കാമ്പസ്സിൽ 100 പ്ലാവുകൾ വെച്ചു പിടിപ്പിക്കുക, കഴിഞ്ഞ രണ്ടു മൂന്ന് വർഷം കൊണ്ടാണ് ആലക്ഷ്യം നേടിയത്. ഇപ്പോൾ നമുക്ക് ആവശ്യത്തിനുള്ള ചക്ക ഈ കാമ്പസ്സിൽ തന്നെ ഉണ്ടാകുന്നുണ്ട്. അതിൽ തേൻ വരിക്ക പോലെയുള്ള നാടൻ പ്ലാവുകളും ഒപ്പം തന്നെ വിയറ്റ്നാം സൂപ്പർ ഏർളി പോലെയുള്ള പുതിയ വെറൈറ്റികളുമുണ്ട്.

ഓണക്കാലമായാൽ പൂവിടലിന് നാടൻ പൂക്കൾ മാറി ഇപ്പോൾ തമിഴ്നാട്ടിലെ പൂക്കൾക്കു വേണ്ടി കാത്തു നില്ക്കുന്ന ഒരു അവസ്ഥയാണുള്ളത്. ആ അവസ്ഥക്ക് ഒരു പരിഹാരമെന്ന നിലയ്ക്ക് ''സ്വന്തം ഓണപ്പൂന്തോപ്പ്'' എന്ന പദ്ധതിയിൽ നമ്മൾ എല്ലാവർഷവും പൂക്കൾ ഇവിടെ ഉണ്ടാക്കാറുണ്ട്.

അതുമാതിരി വേനൽക്കാലത്ത് നമ്മൾ നടത്തുന്ന ഒരു ക്യാമ്പാണ് വേനൽത്തുമ്പികൾ. ഈ കുട്ടികൾ എല്ലാവർഷവും ''തുമ്പിത്തോപ്പ് ''എന്ന പേരിൽ ഏതാനും മരങ്ങൾ ഒരു പ്രത്യേക ഭാഗത്ത് വെച്ചുപിടിപ്പിക്കാറുണ്ട്. പിന്നെ അശോകമരങ്ങളുടെ ഒരു കൂട്ടം ''അശോകവനം'' എന്നപേരിലും നാട്ടുമാവുകളുടെ ഒരു കൂട്ടം ''നാട്ടുമാന്തോപ്പ് ''എന്ന പേരിലും , മറ്റുരാജ്യങ്ങളിൽ നിന്ന് ഇവിടെ വന്നിട്ടുള്ള exorting ചെടികളായ അബിയു, റമ്പൂട്ടാൻ മുതലായ ചെടികളുടെ Exorting garden കാട് , നാടൻ പഴങ്ങളുടെ Traditional garden എന്നിവ കാമ്പസ്സിലെ മറ്റു പദ്ധതികളാണ്.

ഒപ്പം തന്നെ ഈ മാലിന്യ സംസ്ക്കരണത്തിലും അഷ്ടാംഗം വഴികാട്ടിയായി മുൻപന്തിയിൽ നിൽക്കുന്നുണ്ട്. നമ്മളുടെ ടോയ്ലറ്റ്കളെല്ലാം തന്നെ ബയോഗ്യാസ് ആയിട്ട് കണക്ട് ആണ്. ഈ ബയോഗ്യാസിന്റെ ഔട്ട്പുട്ട് നമ്മുടെ എസ്.ടി.പി പ്ലാന്റിലേക്ക് പോകുന്നു. എസ്.ടി.പി പ്ലാന്റിൽ നിന്നുള്ള വെള്ളം ചെടികൾ നനക്കുന്നതിനും പച്ചക്കറി കൃഷിക്കുമായി ഉപയോഗിക്കുന്നു.

എടുത്തു പറയാവുന്ന മറ്റൊന്നാണ് ''സോളാർ പ്ലാന്റ് ''കേരളത്തിലെ ആദ്യത്തെ അതായത് ഗ്രിഡ് ആയി കണക്ടായ (ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഇലക്ട്രിസിറ്റിക്ക് കൊടുക്കുന്ന ) പദ്ധതിയിലെ ആദ്യത്തെ പ്ലാന്റ് അഷ്ടാംഗം സെറ്റ് ചെയ്തതാണ് എന്നത് എക്കാലത്തും അഭിമാനിക്കാവുന്ന ഒരു കാര്യമാണ്. കാർബൺ സന്തുലിത ക്യാമ്പസ്സ് എന്ന നിലക്ക് കഴിഞ്ഞ വർഷം KFRI യിൽ നിന്ന്

ഒരു ഡോക്ടർ വന്ന് ഒരു ക്ലാസ്സ് എടുക്കുകയുണ്ടായി. അതിനുള്ള പ്രവർത്തനങ്ങൾ ചെറിയരീതിയിൽ നമ്മൾ കൊണ്ടു പോകുന്നുണ്ട്.

ഇതിനോടൊപ്പമാണ് കഴിഞ്ഞ രണ്ടു വർഷമായിട്ട് പച്ചത്തുരുത്ത് എന്ന concept ൽ ഹരിതകേരള മിഷനുമായി സഹകരിക്കുന്നത്. രണ്ടു ഭാഗങ്ങളിലായി നമ്മൾ പച്ചത്തുരുത്തുകൾ ഉണ്ടാക്കിയിട്ടുണ്ട്. അതിനൊപ്പം തന്നെ നമ്മുടെ കാമ്പസ്സിൽ നക്ഷത്രവനങ്ങളുടെ രണ്ടു കൂട്ടങ്ങളുണ്ട്. ഒരു സ്റ്റാന്റിൽ 27 നക്ഷത്രങ്ങളുടേയും അവയുടെ ചെടികളുടെയും പേരുകൾ എഴുതി display ചെയ്തിട്ടുള്ള നക്ഷത്ര വൃക്ഷങ്ങളുടെ ളുടെ ഒരു demonstration നമ്മുടെ hospital reception ന്റെ മുന്നിൽ ഉണ്ട്. രണ്ടാമത്തെ പച്ചത്തുരുത്ത് കഴിഞ്ഞ വർഷമാണ് നമ്മൾ ഉണ്ടാക്കിയത്. ആദ്യത്തെ പച്ചത്തുരുത്ത് ഉണ്ടാക്കിയിട്ട് രണ്ടു വർഷത്തോളമായി. ഈ കാമ്പസ്സിനകത്ത് ഓരോ ഇഞ്ച് സ്ഥലത്തും ഒരു ഫല വൃക്ഷം അല്ലെങ്കിൽ ഒരു ഔഷധസസ്യം എങ്കിലും plant ചെയ്യുക എന്ന ഒരു ലക്ഷ്യം നമ്മൾ ഏകദേശം 90% നേടിക്കഴിഞ്ഞു എന്നുള്ളത് സന്തോഷപൂർവ്വം അറിയിക്കട്ടെ.